(ഡി) ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ കൂടുതലും കുറവും വരുമാനം ലഭിച്ച വർഷത്തെ ശതമാനക്കണക്ക് ചുവടെ ചേർക്കുന്നു :

വർഷം	ബഡ്ജറ്റ് ഇക (കോടിയിൽ)	കളക്ഷൻ (കോടിയിൽ)	വ്യത്യാസം (ശതമാനത്തിൽ)
2005-06	825.82	835.23	+1.13
2006-07	944.73	951.65	+0.73
2007-08	986.86	1185.19	+20.0
2008-09	1299.85	1369.13	+5.32
2009-10	1440.52	1533.31	+6.44
2010-11	1836.21	1704.69	-7.16
2011-12	2059.04	1888.88	-8.28
2012-13	2550.65	2249.75	-11.79
2013-14	2801.75	1931.89	-31.04
2014-15	3208.36	1778.07	-44.58

സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള വരുമാനം

82 (1786) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാറുകളുടെ ലൈസൻസ് നൽകാതിരുന്നതുമൂലം സ്റ്റേറ്റ് എക്സൈസിൽ നിന്നുമുള്ള വരുമാനം കുറഞ്ഞുവെന്നത് ശരിയാണോ ;

(ബി) 2010-11-ൽ സ്റ്റേറ്റ് എക്സൈസിൽ നിന്നുമുള്ള വരുമാനം എത്ര ഇകയായിരുന്നു ; 2013-14-ൽ അത് എത്രയായി വർദ്ധിച്ചു ; 2014-15 -ൽ എത്രയായി വർദ്ധിച്ചു ; 2015-16-ലെ ബഡ്ജറ്റിൽ സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള വരുമാന ലക്ഷ്യം എത്ര ഇകയാണ് ;

(സി) വരുമാനം കുറഞ്ഞുവെന്നത് ശരിയാണെങ്കിൽ ഏതെല്ലാം വർഷത്തിൽ എത്ര ഇകയുടെ വരുമാനം കുറവുണ്ടായി എന്നും ഇതിനകം മൊത്തം എത്ര ഇകയുടെ കുറവുണ്ടായി എന്നും വെളിപ്പെടുത്താമോ ;

(ഡി) സർക്കാർ വിൽക്കുന്ന മദ്യം കൂടാതെ അനധികൃതമായി നടക്കുന്ന വിൽപ്പന കൂടി പരിഗണിച്ചാൽ മദ്യ ഉപഭോഗത്തിൽ ഒരു കുറവും ഉണ്ടായിട്ടില്ലെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബാറുകളുടെ ലൈസൻസ് നൽകാതിരുന്നതുമൂലം സ്റ്റേറ്റ് എക്സൈസ് വരുമാനത്തിൽ 163.3 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

(ബി) 2010-11-ൽ സ്റ്റേറ്റ് എക്സൈസ് വരുമാനം 1704.69 കോടി രൂപയും 2013-14-ൽ 1931.89 കോടി രൂപയും 2014-15-ൽ സ്റ്റേറ്റ് എക്സൈസ് വരുമാനം 1778.07 കോടി രൂപയുമാണ്. 2015-16-ലെ ബഡ്ജറ്റിൽ സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള വരുമാന ലക്ഷ്യം 2600.66 കോടി രൂപയാണ്.

(സി) സ്റ്റേറ്റ് എക്സൈസ് വരുമാനത്തിൽ കുറവുണ്ടായ സാമ്പത്തിക വർഷങ്ങളിലെ കണക്ക് ചുവടെ ചേർക്കുന്നു :

വർഷം	തുക (കോടിയിൽ)	മുൻവർഷങ്ങളെ അപേക്ഷിച്ച് ഉണ്ടായ കുറവ്
2013-14	1931.89	(-)317.86
2014-15	1778.07	(-)153.82

(ഡി) 2012-13 സാമ്പത്തിക വർഷത്തിനുശേഷം കെ.എസ്.ബി.സി. വഴിയുള്ള മദ്യ വില്പനയിൽ കുറവു വന്നിട്ടുണ്ട്. മദ്യ വില്പന സംബന്ധിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു :

	(കേയ്സുകളുടെ എണ്ണം ലക്ഷത്തിൽ)		
വില്പന (കേയ്സുകളിൽ)	2012-13	2013-14	2014-15
ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം	244.33	240.67	220.58
ബിയർ	101.64	107.96	95.59

മേൽ കണക്കുകൾ പ്രകാരം മദ്യ ഉപഭോഗത്തിൽ കുറവ് വന്നതായി കണക്കാക്കാവുന്നതാണ്. അനധികൃത മദ്യവില്പനയ്ക്കെതിരെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളാണ് സ്വീകരിച്ചുവരുന്നത്.

996/2018